# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2026/09

തിരുവനന്തപുരം
19.02.2026

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : കെഎസ്ഇബിഎൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം 2026 - മാർഗ്ഗരേഖയിലെ അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.**

**സൂചന : കെഎസ്ഇബിഎൽ ഉത്തരവ് നമ്പർ: BO(FTD) NO:166/2025-(KSEBL/SEC/PD/228/2025-S2) തീയതി 07-04-2025.**

സൂചന ഉത്തരവ് പ്രകാരമാണ് 2025ൽ കെഎസ്ഇബി ലിമിറ്റഡിലെ തൊഴിലാളി വിഭാഗത്തിൽപ്പെട്ട ജീവനക്കാരുടെ പൊതു സ്ഥലംമാറ്റം നടന്നത്. ഈ പൊതു സ്ഥലംമാറ്റ മാർഗ്ഗരേഖയിൽ നിരവധി അപാകതകൾ ഉണ്ടായിരുന്നു. ഈ അപാകതകൾ നിമിത്തം നിരവധി ജീവനക്കാർക്ക് അർഹവും ന്യായവുമായ സ്ഥലംമാറ്റം നിഷേധിക്കപ്പെടുകയും മറ്റുചില ജീവനക്കാർക്ക് അനർഹമായ സ്ഥലം മാറ്റങ്ങൾ ലഭിക്കുകയും ചെയ്ത സാഹചര്യവും ഉണ്ടായി. ചില ജീവനക്കാർക്ക് സ്വാഭാവിക നീതി നിഷേധിക്കപ്പെടുകയും അന്യായമായ സ്ഥലം മാറ്റങ്ങൾക്ക് വിധേയരാകേണ്ടിയും വന്നു. കെഎസ്ഇബി ലിമിറ്റഡിൽ ഓൺലൈൻ പൊതു സ്ഥലംമാറ്റ പ്രക്രിയ ആരംഭിച്ച ശേഷം മിക്കവാറും എല്ലാ വർഷങ്ങളിലും പൊതുസ്ഥലംമാറ്റ മാർഗ്ഗരേഖ പുതുക്കി ഉത്തരവിറക്കാറുണ്ടെങ്കിലും പ്രധാനപ്പെട്ട അപാകതകൾ പരിഹരിക്കപ്പെട്ടിട്ടില്ല.

ഇതിനിടെ 2026 ലെ പൊതു സ്ഥലംമാറ്റം 2025 ലെ സൂചന പൊതു സ്ഥലംമാറ്റ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ തന്നെ നടത്താൻ പോകുന്നതായി അറിയാൻ കഴിഞ്ഞു. അങ്ങനെ ചെയ്യുന്നപക്ഷം

സ്ഥലംമാറ്റങ്ങളിലെ അപാകതകൾ തുടരുന്ന സാഹചര്യം ഉണ്ടാകും. ആയതിനാൽ റഫറണ്ടം 2022 ന്റെ കാലാവധി കഴിഞ്ഞ സാഹചര്യത്തിൽ നിലവിൽ റെക്കഗനൈസ്ഡ് യൂണിയൻ എന്ന പദവി ആർക്കും നിയമപരമായി നിലവിലില്ല എന്ന വസ്തുത പരിഗണിച്ച് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) ഉൾപ്പെടെയുള്ള പ്രമുഖ രജിസ്ട്രേഡ് യൂണിയനുകളുടെ യോഗം വിളിച്ച് ചേർത്ത് ആ യോഗത്തിൽ ഉയരുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് പൊതു സ്ഥലംമാറ്റ മാർഗ്ഗരേഖ പരിഷ്ക്കരിച്ച് ഉത്തരവിറക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| | | |
|---|---|---|
| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | ഷമീം നാട്യമംഗലം |
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

**<u>പകർപ്പ്</u>**

1. ബഹു.ചീഫ് എഞ്ചിനീയർ (HRM), കെഎസ്ഇബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം
2. ബഹു.ചീഫ് പേർസണൽ ഓഫീസർ, കെഎസ്ഇബി ലിമിറ്റഡ്, വൈദ്യുതി ഭവനം, പട്ടം